# നാനോ സയൻസ് ദേശീയ ശില്പശാല സമാപിച്ചു

കൊല്ലം : അമൃത വിശ്വ വിദ്യാപീഠം അമൃതപുരി കാമ്പസിലെ മെക്കാനിക്കൽ എൻജിനിയറിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അഞ്ച് ദിവസമായി നടന്ന നാനോ സയൻസും നാനോ ടെക്നോളജിയും എന്ന വിഷയത്തെക്കുറിച്ചുള്ള ദേശീയ ശില്പശാല സമാപിച്ചു.

മെക്കാനിക്കൽ വിഭാഗം മേധാവി ഡോ. ഗണേഷ് ഉഡുപ്പയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ അസോസിയേറ്റ് ഡീൻ ഡോ. ബാലകൃഷ്ണൻശങ്കർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാം കമ്മിറ്റി ചെയർമാൻ പ്രൊഫ. വി. രാധാകൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. അമൃത സെന്റർ ഫോർ നാനോ സയൻസിലെയും കൊച്ചിൻ യൂണിവേഴ്സിറ്റിയിലെയും നാനോ ലാബുകൾ സന്ദർശിക്കുന്നതിന് എ.എഫ്.എം., എസ്.ടി.എം. തുടങ്ങിയ ആധുനിക സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടുന്നതിനുള്ള അവസരങ്ങളും ലഭ്യമാക്കിയിരുന്നു.

ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷന്റെ (എ.ഐ.സി.ടി.ഇ.) സ്റ്റാഫ് ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി നടന്ന സെമിനാറിൽ പ്രൊഫ. വി. രാധാകൃഷ്ണൻ, പ്രൊഫ. ഗണേഷ് ഉഡുപ്പ, പ്രൊഫ. കെ.പി. വിജയകുമാർ, പ്രൊഫ. എസ്. സി. ശർമ്മ, പ്രൊഫ. പി. എസ്. അനിൽകുമാർ, പ്രൊഫ. നവകാന്ത ഭട്ട്, പ്രൊഫ. ജി.വി. കുൽക്കർണി, പ്രൊഫ. ഗാർഗി റെയ്ന തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.



അമൃതപുരി കാമ്പസിലെ മെക്കാനിക്കൽ എൻജിനിയറിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ദേശീയ ശില്പശാലയിൽ പങ്കെടുത്തവർക്ക് ഡോ. ബാലകൃഷ്ണൻ ശങ്കർ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു